**ശ്ലീഹാക്കാലം രണ്ടാം ഞായർ**

**ലൂക്കാ 7:36–50**

# അവനാണ് ആശ്വാസം

റവ.ഫാ. മനു മാത്യു ആനത്താനം

അതികഠിനമായ വരൾച്ചയുടെ നടുവിലൂടെ കടന്നു പോവുകയായിരുന്നു ആ ഗ്രാമം. കൃഷിയിടങ്ങൾ ഉണങ്ങിത്തുടങ്ങി. ഉറവകൾ വറ്റിവരണ്ടു. കുടിവെള്ളത്തിനായി കുടങ്ങൾ തലയിലേന്തി ഗ്രാമപാതയിലൂടെ സ്ത്രീകൾ കടന്നുപോകുന്നത് പതിവുകാഴ്ചയായി. ഒടുവിലവർ ഒന്നിച്ചിരുന്ന് ഒരു തീരുമാനമെടുത്തു. നമുക്ക് സ്ഥലത്തെ വികാരിയച്ചനെ ഒന്നു കാണാം അച്ചൻ പ്രാർത്ഥിക്കും; ദൈവം പ്രവർത്തിക്കും. തിടുക്കത്തോടും തിരക്കോടുംകൂടെ ആ സായംസന്ധ്യയിൽ വികാരിയച്ചന്റെ അരികിലെത്തി അവർ കാര്യങ്ങൾ പറഞ്ഞു. അച്ചൻ എല്ലാം സാകൂതം ശ്രവിച്ചശേഷം ഇപ്രകാരം പറഞ്ഞു: നാളെ രാവിലെ നിങ്ങളെല്ലാവരും പള്ളിയിലേക്കു വരിക നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കാം. പിറ്റേന്ന് അതിരാവിലെ ജനങ്ങളെല്ലാവരും പള്ളിയിലേക്കു യാത്രയായി. അവർ പരസ്പരം സംസാരിക്കുന്നുണ്ട്. പ്രാർത്ഥിച്ചു കഴിഞ്ഞാൽ മഴ പെയ്യുമോയെന്ന കാര്യത്തിൽ ചിലർക്ക് സംശയമുണ്ട്. അപ്പോഴാണ് ഒരാൾ തനിക്കു മുൻപേ പോകുന്ന ഒരു പെൺകുട്ടിയുടെ കരങ്ങളിൽ ഒരു കുട കണ്ടത്. ഈ വരൾച്ചയിലിതെന്തിന് എന്ന ചോദ്യമുയരവെ അവളിപ്രകാരം പറഞ്ഞു: നമ്മുടെ പ്രാർത്ഥന കേട്ട് ദൈവം മഴ തരുമെന്ന് എനിക്കുറപ്പമുണ്ട്. ആകയാൽ മഴ പെയ്യുമ്പോൾ മഴ നനയാതെ തിരിച്ച് വീട്ടിലെത്താനാണ് ഈ കുട.

വിശുദ്ധ ലൂക്കായുടെ സുവിശേഷം 7:36–50 തിരുവചനങ്ങളിലൂടെ ക്രിസ്തുവിന്റെ കാലുകൾ കണ്ണുനീരിന്റെ നനവോടെ കഴുകുന്ന പാപിനിയുടെ ജീവിതത്തിലൂടെ ദൈവം നമ്മോട് പറയുന്നതിപ്രകാരമാണ്; ദൈവം നിന്റെ വിശ്വാസമാകുന്നുവെങ്കിൽ അവൻ നിനക്കാശ്വാസമേകും. കരഞ്ഞുകരഞ്ഞ് കണ്ണ് മങ്ങുകയും വിങ്ങുകയും ചെയ്തവളുടെ മിഴിയിലേക്ക് ആർദ്രതയോടെ നോക്കിക്കൊണ്ട് ക്രിസ്തു ആശ്വാസമാവുകയാണ്. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക. നിന്റെ ആകുലതകളിൽ നീ ഇനി ആശ്രയിക്കേണ്ടത് ക്രിസ്തുവിനെയാണ്. നിന്റെ ഗദ്ഗദങ്ങളുടെ ഗത്സേമനിയിൽ നീയിനി ഒറ്റപ്പെടാതിരിക്കാൻ, ഒറ്റുകൊടുക്കപ്പെടാതിരിക്കാൻ നിനക്കിനി ക്രിസ്തുവിന്റെ കൂട്ട് കൂടിയേ തീരൂ. കഠിനമായ നോവനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ നീയണയേണ്ടത് അവന്റെ അരികിലാണ്.

ഒരാൾ പങ്കുവച്ച ഹൃദയം തൊടുന്ന അനുഭവമിങ്ങനെയാണ്. ഒരു യാത്രാമധ്യേ അയാളുടെ കൈശമുണ്ടായിരുന്ന പണം കളവു പോയി. ബസ്സുകാശു പോലും കൈവശമില്ല. അങ്ങനെയാകെ തളർന്നിരിക്കുന്ന വേളയിൽ തനിക്കറിയാവുന്ന ചില സുഹൃത്തുക്കളെയൊക്കെ അയാൾ വിളിക്കുന്നുണ്ട്. പക്ഷേ എല്ലാവരും സഹതാപത്തോടെ കൈയൊഴിയുകയാണ്. ഒടുക്കം തനിക്കധികം അടുപ്പമിതുവരെ തോന്നാത്ത ഒരു സുഹൃത്തിനെ മനസ്സില്ലാമനസ്സോടെ വിളിച്ചിട്ടു കാര്യം പറഞ്ഞു. ഞാനിത്തിരി തിരക്കിലാണ്, അയാൾ അലിവോടെ പറഞ്ഞു നീയൊരൽപം കാത്തിരിക്കൂ, ഞാനിപ്പം വരാം. അധികം സമയമൊന്നും കഴിഞ്ഞില്ല. സുഹൃത്തിനെ തിടുക്കത്തിലയാൾ തേടിപ്പിടിച്ചു കണ്ടെത്തിക്കൊണ്ട് കിതപ്പോടെ പറഞ്ഞു: കുറച്ചധികം പണമുണ്ട് നീയിതു കൈവശം വച്ചോളൂ. നിറമിഴികളോടെ കരങ്ങൾ കൂപ്പുമ്പോൾ തോളിൽത്തട്ടി കൂട്ടുകാരൻ പറഞ്ഞു; ഞാനല്ലേ നന്ദി പറയേണ്ടത്. നിന്റെ വേദനയിൽ നീയെന്നെ ഓർത്തല്ലോ... നമ്മെ ആദ്യമായും അധികമായും സ്നേഹിക്കുന്ന ക്രിസ്തുവിനെ നമ്മളെന്തുകൊണ്ട് ആശ്രയിക്കണം എന്നതിന്റെ അനുഭവമാണ് ഇന്നത്തെ സുവിശേഷം. നാമെത്ര പഴിച്ചാലും നമ്മെ പഴിക്കില്ലെന്നുറപ്പുള്ളയൊരാൾ... എത്ര ആവലാതികൾ ആവർത്തിച്ചാലും നമ്മോട് അനുഭാവം കാണിക്കുന്നവൻ. നീ നിന്നെ അവനെ കയ്യേൽപ്പിച്ചാൽ

അവൻ നിന്നെ കൈയൊഴിയില്ല... നിനക്കുള്ളതെല്ലാം അവനേകിയ കൃപയാണെന്ന തിരിച്ചറിവിൽ അവനിലേക്കു തിരികെ വരിക.

മനുഷ്യൻ നിന്നെക്കുറിച്ചെന്തു പറയുന്നു എന്നതിനപ്പുറം ദൈവം നിന്നെയെങ്ങനെ നിർവചിക്കുന്നു എന്നതാണ് പ്രധാനം. ക്രിസ്തു അവളുടെ ജീവിതത്തിന്റെ പുതുമയാണ് കാണുന്നത്. തന്റെയുള്ളും ഉള്ളതുമെല്ലാം സമർപ്പിച്ചു തന്നിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന സ്ത്രീഹൃദയത്തെയാണ് ക്രിസ്തു അവളിൽ കണ്ടത്. വിരുന്നൊരുക്കിയിരിക്കുന്ന ഫരിസേയന്റെ മിഴിയുടക്കിക്കിടക്കുന്നത് അവളുടെ പഴമയിലാണ്. മറ്റുള്ളവർ നിന്നെക്കുറിച്ചെന്തു പറയുന്നു എന്നതൊന്നും നീയിനി കാര്യമായി ഗൗനിക്കേണ്ടതില്ല. ക്രിസ്തു നിന്നെക്കുറിച്ചെന്തു പറയുന്നു എന്നതിലേക്ക് മനസ്സു കൊടുക്കുക. സുവിശേഷത്തിന് സവിശേഷമായവിധം സാക്ഷ്യമാവുക. കാരണം, ഹൃദയങ്ങളെ പരിശോധിക്കുന്നവനായ ദൈവം നമ്മോടു പറയുന്നതിങ്ങനെയാണ്. നീയെന്നിൽ പുതിയ സൃഷ്ടിയാവുക... പഴയത് അകന്നുപോകട്ടെ... ക്രിസ്തുവിൽ ജീവിതത്തിന്റെ പുതുമ നിന്നിൽ നിറയട്ടെ...